കേരള സർക്കാർ

# രാമമംഗലം ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

നം.കെ.എസ്.എ.ഇകെഎം(പി9)1610/2018

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 07.09.2018

പ്രസിഡന്റ് ,
രാമമംഗലം ഗ്രാമ പഞ്ചായത്ത് (സെക്രട്ടറി മുഖേന)

സർ,

വിഷയം :രാമമംഗലം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് –സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3)കാര്യാലയ പകർപ്പ്.

.

നം കെ.എസ്.എ.ഇ.കെ.എം (പി.6)1610 /2018 തീയതി. 07.09.2018

എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ

2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.7.2017 മുതൽ 13.6.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഏഴ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ നാലെണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടിയും എക്സിറ്റ് മീറ്റിംഗിലെ ചർച്ചകൾക്കും ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ : ശ്രീമതി ജയ സി.ആർ , ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റ് നടത്തിയ തിയതി : 5.7.2018 മുതൽ 16.7.2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

.

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി റസിയബീവി ജെ. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതിജോമോൾ എം.ജോണി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ റഷീദ് സി.എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി സ്വപ്ന വി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി ജെസ്സി രാജു | 1.4.2017 | 23.5.2017 |
| | ശ്രീ പി.പി. സുരേഷ് കുമാർ (ഇൻ ചാർജ്) | 25.5.2017 | 19.6.2017 |
| | ശ്രീമതി കെ.എ. മിനികുമാരി | 20.6.2017 | 31.3.2018 |
| വൈസ് പ്രസിഡന്റ് | ശ്രീ പി.പി. സുരേഷ് കുമാർ | 1.4.2017 | 31.3.2018 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീമതി സിന്ധു രവി | 1.4.2017 | 31.3.2018 |
| ക്ഷേമകാര്യം | ശ്രീ പി.എം. പൈലി | 1.4.2017 | 31.3.2018 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീമതി കെ.എ.മിനി കുമാരി | 1.4.2017 | 19.6.2017 |
| | ശ്രീമതി സ്മിത എൽദോസ് | 24.8.2017 | 31.3.2018 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ എ.പി.ജയന്തകുമാർ | 1.4.2017<br>3.8.2017<br>5.1.2018<br>24.1.2018 | 2.7.2017<br>3.11.2017<br>19.1.2018<br>28.2.2018 |
| | ശ്രീ കെ.സി. ജയൻ (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്) | 3.7.2017<br>4.11.2017<br>1.3.2018 | 2.8.2017<br>4.1.2018<br>31.3.2018 |
| | ശ്രീ ദീപു ദിവാകരൻ | 20.1.2018 | 23.1.2018 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ പ്രസാദ് കെ.ആർ | 1.4.2017 | 18.6.2017 |
| | ശ്രീ കെ.സി. ജയൻ | 19.6.2017 | 31.3.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി മേരിമോൾ ജേക്കബ് | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ദീപ കെ.എച്ച്. | 1.4.2017 | 31.12.2017 |
| | ഡോ. കമൽജിത്ത് | 1.1.2018 | 31.3.2018 |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഷീജ എസ്. | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അമൃത | 1.4.2017 | 31.3.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി കൃഷ്ണശോഭ കെ.ജി. | 1.4.2017 | 31.3.2018 |
| | ശ്രീമതി ആശ പോൾ | 1.4.2017 | 31.3.2018 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (രാമമംഗലം) | ശ്രീ അനിൽ കെ. ജോസ് | 1.4.2017 | 31.3.2018 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (ഊരമന) | ശ്രീ എം.പി. അഭിലാഷ് | 1.4.2017 | 31.3.2018 |
| ഹെഡ് മാസ്റ്റർ GLPS | ശ്രീ പി.സി.രവി | 1.4.2017 | 31.3.2018 |
| വെറ്റിനറി സർജൻ | ഡോ.ബോബിപോൾ | 1.4.2017 | 31.3.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ദേവി രാമചന്ദ്രൻ | 1.4.2017<br>17.7.2017 | 31.5.2017<br>8.10.2017 |
| | ശ്രീ ധർമ്മകീർത്തി | 1.6.2017 | 16.7.2017 |
| | ശ്രീമതി ഖദീജ ബീവി | 9.10.2017 | 31.3.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.രാഗേഷ് എം. | 1.4.2017 | 31.3.2018 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷികകണക്കുകളിലെ അപാകത | 1-12 | |
| | ഭാഗം 2 | | |
| 1 | കേബിൾ വലിക്കൽ - തുടർനടപടി സ്വീകരിച്ചില്ല | 2-1 | |
| 2 | രസീത് സൂക്ഷിപ്പിലെ അപാകതകൾ | 2-2 | |
| 3 | കെട്ടിട നിർമ്മാണ പെർമിറ്റ് - അപാകതകൾ | 2-3 | |

| | | | |
|---|---|---|---|
| 4 | വാടക -രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 2-4 | |
| | ഭാഗം- 3 | | |
| 1 | വെള്ളക്കരം അധികം അടവാക്കുന്നു. | 3-1 | |
| 2 | കന്നുകുട്ടി പരിപാലനം-തുക തിരികെ ഈടാക്കണം | 3-2 | |
| 3 | സാക്ഷരതാ തുല്യത പഠനം- രേഖകൾ ലഭ്യമല്ല | 3-3 | |
| 4 | പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-4 | |
| 5 | അപേക്ഷ നിരാസം / സ്വീകരണം വ്യത്യസ്തമാനദണ്ഡം. | 3-5 | |
| 6 | സെന്റേജ് ചാർജ്-അധികം തുക നൽകി | 3-6 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 9 | റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും മേൽവിലാസവും | 4-9 | |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |
| | ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് , റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.2 | |


# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1. <u>ബജറ്റ്</u>

31.3.2017 തിയതിയിലെ രണ്ടാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 12.3.2018 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 15.5.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 19.6.2018 & 20.6.2018 | KSA-EKM (PG) 1786(68)/2018 dt. 4.7.2018 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ് , ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3562455.00 |
| വരവ് | 46058848.00 |
| ആകെ | 49621303.00 |
| ചെലവ് | 46529120.00 |
| നീക്കിയിരിപ്പ് | 3092183.00 |

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

.

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8175000 | 8175000 | 7163619 | | 1011381 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5622175 | 5622175 | 3568611 | | 2053564 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 20992 | 20992 | 0 | | 20992 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 19345000 | 19345000 | 15863208 | | 3481792 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2591000 | 2591000 | 2053255 | | 537745 |
| ധനകാര്യ കമ്മീഷൻ അവാർഡ് (state വിഹിതം 4438/-) | 0 | 3786368 | 3786368 | 1483200 | | 2303168 |
| കെ. എൽ. എസ്. ജി. ഡി. പി | 0 | 12626 | 12626 | 12626 | | 0 |
| ഭവനനിധി (ലൈഫ്) | 0 | 30000 | 30000 | 6 | 29994 | |
| ലിറ്ററസി ക്യാനറ ബാങ്ക് | 3691 | 143 | 3834 | 0 | 3834 | |
| ദുരിതാശ്വാസംഎസ്.ബി.ടി. | 5578 | 225 | 5803 | 0 | 5803 | |
| എം.എൻ ആർ.ഇ. ജി.എസ്. | 8096 | 13538715 | 13546811 | 13545193 | 1618 | |
| സാനിറ്റേഷൻ എസ്.ബി. ഐ. | 64127 | 2587 | 66714 | 0 | 66714 | |
| ഹൗസിംഗ് യൂണിയൻ ബാങ്ക് | 248086 | 9607 | 257693 | 0 | 257693 | |
| EMSസഹകരണ ബാങ്ക് | 77400 | 0 | 77400 | 0 | 77400 | |
| ജോയിന്റ് വെഞ്ചർ ട്രഷറി ടി.എസ്.ബി. | 0 | 1347500 | 1347500 | 1347500 | 0 | |
| തനത് ഫണ്ട് | 3060574 | 13350381 | 16410955 | 13765623 | 2645332 | |
| ബി. ഫണ്ട് | 0 | 30406263 | 30406263 | 30406263 | 0 | |
| ക്യാഷ് | 94903 | 3795 | 98698 | 94903 | 3795 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്.എണ്ണം | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 169 | 63734465 | 100 | 32914613 | 18 | 69 | 64 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പ്രോജക്ട്

1. ഗാർഹിക ബയോഗ്യാസ് പ്ലാന്റ് അടങ്കൽ തുക 1,75,000/-

പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ നടപ്പിലാക്കാൻ കഴിയുമെന്നുറപ്പുവരുത്തേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 8096 | 748347 | 756443 | 754825 | 1618 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 12790368 | 12790368 | 12790368 | 0 |
| ആകെ | 8096 | 13538715 | 13546811 | 13545193 | 1618 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24960 | 46 |
| കർഷകതൊഴിലാളി പെൻഷൻ | 4380700 | 362 |
| വിധവാപെൻ ഷൻ | 5674400 | 481 |
| വാർദ്ധക്യകാല പെൻഷൻ | 12231800 | 962 |
| ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1903900 | 169 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധന സഹായം | 540700 | 44 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.7.2018 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1654/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

1. കെട്ടിട നിർമ്മാണ പെർമിറ്റ്

| ഇനം | കെട്ടിട നിർമ്മാണ അപേക്ഷകൾ | റഗുലറൈസേഷൻ അപേക്ഷകൾ | ഭൂവികസന അപേക്ഷകൾ |
|---|---|---|---|
| പെർമിറ്റ് | 67 | 34 | 4 |
| ഫീസ് | 57447 രൂപ | 11997 രൂപ | 22281 രൂപ |

കെട്ടിട നിർമ്മാണം ഫയൽ സൂക്ഷിപ്പ്, തുടർ നടപടികൾ എന്നിവ സംബന്ധിച്ച 02.12.2015 ലെ 12900/ആർ എ 1/2015/ത സ്വ ഭ വ നം സർക്കുലറിലെ എല്ലാ വ്യവസ്ഥകളും പഞ്ചായത്തിൽ പാലിക്കപ്പെടുന്നില്ല.വിശദ വിവരം താഴെ ചേർക്കുന്നു.

| നിബന്ധന | അവസ്ഥ |
|---|---|

<table>
<tr><td>രജിസ്റ്റർ പേജ് നമ്പർ ക്രമത്തിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യ പ്പെടുത്തണം</td><td>പേജ് നമ്പർ സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടുണ്ട്.</td></tr>
<tr><td>ശൂന്യമായി ഇടുന്ന പേജുകളും വരികളും റദ്ദ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തണം</td><td>ചില പേജുകളിൽ ഒരു വരി വിട്ടും ചില പേജുകളിൽ അടുത്തടുത്ത വരികളിലും രേഖപ്പെടുത്തിയിരി ക്കുന്നു.പേജ് നമ്പർ 12,15.</td></tr>
<tr><td>ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാന ത്തിൽ തുടർ നടപടി സ്വീകരിക്കണം</td><td>നിബന്ധന പൊതുവിൽ പാലിക്കുന്നുണ്ടെങ്കിലും എല്ലാ അപേക്ഷകളിലും പാലിക്കപ്പെടുന്നില്ല.
<table>
<tr><td>ക്രമ നം</td><td>പേജ്</td><td></td></tr>
<tr><td>1</td><td>8</td><td>1530/17/17/4/17 ന ശേഷം 692/17/ 16.2.17</td></tr>
<tr><td>2</td><td>8</td><td>692/17/16.2.17 ന ശേഷം 989/17 തീയതി ഇല്ല</td></tr>
<tr><td>3</td><td>9</td><td>2097/17/6.6.17 ന ശേഷം 846/17 തീയതി ഇല്ല</td></tr>
<tr><td>4</td><td>10</td><td>1590/17/ തീയതി ഇല്ല ശേഷം 2533/13 തീയതി ഇല്ല</td></tr>
<tr><td>5</td><td>10</td><td>4573/15/ തീയതി ഇല്ല ശേഷം 2313/117 /28.6.17</td></tr>
</table></td></tr>
<tr><td>ഫയലിൽ നോട്ട് ഭാഗവും കറസ്പോണ്ടൻഡൻസ് ഭാഗവും ഉണ്ടാകണം</td><td>സൂചിക ആരംഭിച്ച 1.8.16 മുതൽ ചില ഫയലുകളിൽ നോട്ട് ഭാഗവും കറസ്പോണ്ടൻഡൻസ് ഭാഗവും സൂക്ഷിക്കുന്നുണ്ട്.ഫയൽ കവറിലാണ് ഫീസ് വിവരം, ഇതര വിശദ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നത്.</td></tr>
<tr><td>എഞ്ചിനീയറിംഗ് വിഭാഗം സൂക്ഷപരിശോധന നടത്തി സമയബന്ധിതമായി റിപ്പോർട്ട് നൽകണം</td><td>സൂക്ഷ്മ പരിശോധന തൃപ്തികരമായ രീതിയിൽ ചെയ്യുന്നുണ്ടെങ്കിലും ചില ഫയലുകളിൽ പെർമിറ്റ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. കാർ പോർച്ചിന്റെ വിസ്തീർണ്ണം ഉൾപ്പെടെ പെർമിറ്റ് നൽകിയിട്ടുണ്ടെങ്കിലും ആയതിന് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. (പരാമർശം ഖണ്ഡിക 3)</td></tr>
<tr><td>റിപ്പോർട്ട് നൽകുന്നതിന് മാതൃക ഫോർമാറ്റ് തയ്യാറാക്കാം</td><td>മാതൃക ഫോർമാറ്റ് തയ്യാറാക്കിയിട്ടില്ല.</td></tr>
<tr><td>പെർമിറ്റ് ഫീസ്/കോമ്പൗണ്ടിംഗ് ഫീസ് വിവരങ്ങൾ നോട്ട് ഫയലിൽ വ്യക്തമാക്കണം</td><td>നോട്ട് ഫയൽ എല്ലാ ഫയലിലും സൂക്ഷിക്കുന്നില്ല. 1.8.16 മുതൽ മാത്രമാണ് ഭാഗികമായി നോട്ട് ഫയൽ സൂക്ഷിക്കുന്നത്.<br>.</td></tr>
<tr><td>കുറിപ്പുകളിൽ ഉദ്യോഗസ്ഥരുടെ പേര്, തസ്തിക,ഫോൺ നമ്പർ എന്നിവ ഉൾപ്പെടുത്തണം</td><td>പെർമിറ്റിൽ വിശദ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്.</td></tr>
</table>

| | |
|---|---|
| (സർക്കുലർ നമ്പർ 59177/ആർ എ 1/2013 /തസ്വഭവ /30.10.2012,സർക്കുലർ നമ്പർ 75419/ആർ എ 1/2013 /തസ്വഭവ/30.12.2013) | |
| അപേക്ഷയിൽ കാലതാമസം ഉണ്ടായാൽ കാരണം രജിസ്റ്ററിലും ഫയലിലും രേഖപ്പെടുത്തണം | രജിസ്റ്ററിലും ഫയലിലും രേഖപ്പെടുത്തുന്നില്ല.കൃഷ്ണകുമാർ 3720/17,RRPS സൊസൈറ്റി/38.08.2017 തുടങ്ങിയ ഫയലുകളിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടില്ല. |
| അപേക്ഷകന് നോട്ടീസ് നൽകുന്നതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കണം | രജിസ്റ്ററിൽ വിവരം രേഖപ്പെടുത്തുന്നുണ്ട്. |
| പരിശോധനക്ക് ഫയൽ കൈമാറുന്നതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കണം | വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. |
| മുൻകൂർ അനുമതികളുടെ നമ്പറും തീയതിയും പെർമിറ്റിലും പ്ലാനിലും രേഖപ്പെട്ടു ത്തണം(സർക്കുലർ നമ്പർ 46871/ആർ എ 1/2014 /തസ്വഭവ/22.8.14) | രേഖപ്പെടുത്തുന്നില്ല. |
| പെർമിറ്റ് ഫീസിന്റെ വിവരങ്ങൾ രജിസ്റ്ററിലും ഫയലിലും രേഖപ്പെടുത്തണം | വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. |
| അംഗീകൃത പ്ലാനിലും പെർമിറ്റിലും വ്യവസ്ഥകൾ നിരാക്ഷേപ പത്രങ്ങളുടെ വിശദ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തണം | രേഖപ്പെടുത്തുന്നില്ല.ഫയർ ഫൈനൽ എൻ ഒ സി വാങ്ങി സൂക്ഷിക്കുന്നില്ല.പ്രാഥമിക എൻ ഒ സി മാത്രമാണ് ഫയലിൽ സൂക്ഷിക്കുന്നത്. |
| അപേക്ഷകളിൽ സമയ പരിധിയിൽ തീരുമാനമെടുക്കണം | എഞ്ചിനീയറിംഗ് വിഭാഗത്തിന് സൂക്ഷപരിശോധനക്ക് നൽകുന്ന പല ഫയലുകളും സമയബന്ധിതമായി തിരികെ ലഭിക്കുന്നില്ല. (table below) |

| ക്രമ നം | ഫയൽ നമ്പർ | കൈപ്പറ്റിയ തീയതി | തിരികെ ലഭിച്ച തീയതി |
|---|---|---|---|
| 1 | കൃഷ്ണകുമാർ 3720/17 | 30.10.2017 | 28.11.2017 |
| 2 | RRPS സൊസൈറ്റി/ 38.08.2017 | 8.11.2017 | 20.12.2017 |

| | |
|---|---|
| പെർമിറ്റ് നീട്ടുന്നതിനും, പുതുക്കുന്നതിനുമുള്ള അപേക്ഷ കൾ യഥാസമയം സമർപ്പിക്കുന്നു എന്നുറപ്പ് വരുത്തണം | ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. |
| അനുവദിച്ച പെർമിറ്റിൽ നിന്ന് ഉയരം,ഉപയോഗം, വിസ്തീർണ്ണം എന്നിവയിൽ വ്യത്യാസം വന്നാൽ പുതിയ | പഴയ പെർമിറ്റ് നമ്പറിൽ തന്നെ ഫീസ് രേഖപ്പെടുത്തി നൽകുകയാണ് ചെയ്യുന്നത്. ചെറിയാൻ ജോർജ്, മണപ്പാട്ടേൽ, C3-3289/14/21.10.2014 എന്ന വ്യക്തി 2017-18 ൽ |

<table>
<tr><td>പെർമിറ്റ് നൽകണം</td><td>റഗുലറൈസ് ചെയ്യുന്നതിന് അപേക്ഷ നൽകി ഇത് പഴയ പെർമിറ്റിൽ തന്നെയാണ് നൽകിയിരിക്കുന്നത്.</td></tr>
<tr><td>സാധുവായ പെർമിറ്റ് ഉള്ള പ്ലോട്ടിൽ മറ്റൊരു നിർമ്മാണത്തിന് അനുമതി നൽകുമ്പോൾ നിലവിലുള്ള നിർമ്മാണങ്ങളുടെ വിവരം ഉൾപ്പെടുത്തണം</td><td>വിവരങ്ങൾ ഉൾപ്പെടുത്തുന്നുണ്ട്.</td></tr>
<tr><td>കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറക്ക് പരിശോധിച്ച് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകണം</td><td>ഭൂരിഭാഗം അപേക്ഷകളിലും സമയബന്ധിതമായി ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകണം സർട്ടിഫിക്കറ്റ് നൽകുന്നുണ്ടെങ്കിലും ചില അപേക്ഷകളിൽ അപ്രകാരം സാധിക്കുന്നില്ല.
<table>
<tr><td>ക്രമ നം</td><td>അപേക്ഷകൻ</td><td>അപേക്ഷ തീയതി</td><td>ഒക്കുപ്പൻസി/ ഓണർഷിപ്പ് തീയതി</td></tr>
<tr><td>1</td><td>സന്തോഷ് കെ പുരവത്ത്, മാമ്മലശ്ശേരി</td><td>22/01/18</td><td>22/02/18</td></tr>
</table></td></tr>
<tr><td>അനധികൃത നിർമ്മാണങ്ങൾ രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കണം (സർക്കുലർ നമ്പർ29342/ആർ എ 1/2014 /തസ്വഭവ /19.5.14)</td><td>അനധികൃത നിർമ്മാണങ്ങൾ ഇല്ല.</td></tr>
<tr><td>അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച് നടപടി സ്വീകരിക്കണം (സർക്കുലർ നമ്പർ 22044/ ആർ എ 1/2010/തസ്വഭവ /24.7.10)</td><td>അനധികൃത നിർമ്മാണങ്ങൾ ഇല്ല.</td></tr>
</table>

2. മുഴുവൻ പ്രൊജക്ടുകളും നടപ്പിലാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നടപ്പിലാക്കിയ പ്രൊജക്ടുകളുടെ വിവരം താഴെ കൊടുക്കുന്നു

| അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയത് | പൂർത്തീകരിക്കാത്തത് |
|---|---|---|
| 102 | 50 | 52 |

അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 50 ശതമാനത്തിലധികവും തൻവർഷത്തിൽ പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. പ്ലാൻ നടപടിക്രമം പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രൊജക്ടുകളുടെ സാങ്കേതികാനുമതി 31.7.2017 നകം ലഭിച്ചിരിക്കണമെന്നത് പാലിച്ചിട്ടുണ്ട്. എന്നാൽ തന്നെ ഇ- ടെണ്ടർ നടപടിക്രമം യഥാക്രമം 31.7.2017, 15.8.2017 എന്നീ തിയതിക്കകം പൂർത്തിയാക്കേണ്ടതാണെന്നത് പാലിച്ചിട്ടില്ല.

| ടെണ്ടർ തിയതി | പ്രൊജക്ടുകളുടെ എണ്ണം |
|---|---|
| 22.4.2017 | 45 |
| 19.9.2017 | 22 |
| 1.12.2017 | 30 |
| 17.1.2018 | 9 |

| | |
|---|---|
| 29.1.2018 | 4 |
| 3.3.2018 | 11 |
| 16.3.2018 | 17 |

മേൽ പട്ടിക പ്രകാരം സ്പില്ലോവർ പ്രൊജക്ടുകളൊഴികെ മറ്റു പ്രൊജക്ടുകൾക്ക് സമയബന്ധിതമായി ടെണ്ടർ നടപടിക്രമം പാലിച്ചിട്ടില്ല.ആയതിനാലാണ് പ്രൊജക്ടുകൾ തൻവർഷം തന്നെ പൂർത്തീകരിക്കുവാൻ കഴിയാതിരുന്നതെന്ന് വിലയിരുത്തുന്നു. എന്നാൽ പഞ്ചായത്തിലെ ഉപതിരഞ്ഞെടുപ്പിന്റെ പെരുമാറ്റചട്ടം 30.1.2018 മുതൽ 28.2.2018 വരെ നിലവിലുണ്ടായതിനാൽ പ്രവർത്തനങ്ങളെ ബാധിച്ചുണ്ടെന്നറിയച്ചിട്ടുണ്ട്. ഓരോ പാദവർഷത്തിലും കൃത്യമായ ആസൂത്രണത്തോടെ പ്രവർത്തിച്ചിട്ടില്ലാത്തതിനാലാണ് പദ്ധതികൾ പൂർത്തീകരിക്കുവാൻ കഴിയാതിരുന്നത്. വികസന കാര്യകമ്മറ്റിയുടെ 28.7.2018 ലെ തീരുമാനം (1) പ്രകാരം പാദ വർഷത്തിൽ 25% ചെലവുകൾ വരുന്ന വിധം പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പിന്നീട് പദ്ധതി പുരോഗതി വികസനകാര്യ കമ്മറ്റി കാര്യമായി വിലയിരുത്തുകയോ പ്രവർത്തനം വേഗത്തിലാക്കുന്നതിന് നിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ല.

<u>3 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.</u>

റോഡുകളുടെ പരിഷ്കരണ പ്രവൃത്തികൾ കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻ ഗണനാ ക്രമത്തിൽ മാത്രമേ നടപ്പാക്കാവൂ എന്ന് ജി.ഒ.(എം.എസ്.) 31/2011/ ത.സ്വ.ഭ.വ./ 4.2.2011 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഈ ഉത്തരവു പ്രകാരം മേജർ ജില്ലാ റോഡുകൾ വരെയുള്ള എല്ലാ റോഡികളേയും ഉൾപ്പെടുത്തികൊണ്ടുള്ള കണക്ടിവിറ്റി പ്ലാൻ ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഇതുവരേയും കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല. കണക്ടിവിറ്റി ഇല്ലാത്ത റോഡ് വികസനം പാഴ് ചെലവാകുന്നു. ഇതിന്റെ അഭാവത്തിൽ എം.പി. ഫണ്ട്, എം.എൽ.എ. ഫണ്ട് തുടങ്ങിയ ചേർത്ത് സംയോജിത പദ്ധതികൾ നടപ്പിലാക്കാനുള്ള സാധ്യതയും ഇല്ലാതാകുന്നു.

4.അടിസ്ഥാന സൗകര്യ വികസനം.

അടിസ്ഥാന സൗകര്യങ്ങൾക്ക് മതിയായ പ്രൊജക്ടുകൾ തയ്യാറാക്കുന്നില്ല. വണ്ടിത്താവളങ്ങളും അതിനുള്ള പൊതു സൗകര്യമൊരുക്കലും പഞ്ചായത്തിന്റെ ചുമതലകളിൽപ്പെട്ടതാണ്. പഞ്ചായത്തിന്റെ ചുമതലകളിൽപ്പെട്ട ഇനങ്ങളിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>5 ആസ്തികൾ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.</u>

ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ച മരാമത്തു പ്രവൃത്തികൾ ആസ്തി രജിസ്റ്ററിലേക്ക് രേഖപ്പടുത്തി സൂക്ഷിച്ചിട്ടില്ല. ആയത് രേഖപ്പടുത്തി സൂക്ഷിക്കേണ്ടതാണ്.

<u>6. പ്രൊജക്ട് നിർവ്വഹണം സമയ ബന്ധിതമല്ല</u>

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ (ജി ഒ (എം എസ്) 72/2017 തസ്വഭവ തീ 29.03.2017 പ്രകാരം ഓരോ പാദത്തിലും 25% ശതമാനം പദ്ധതികളെങ്കിലും പൂർത്തിയാക്കാൻ ലക്ഷ്യമിടേണ്ടതാണ്. പാദ വർഷ അടിസ്ഥാനത്തിലുള്ള പഞ്ചായത്തിന്റെ ചെലവ് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| ഏപ്രിൽ - ജൂൺ | 13% |
| ജൂലൈ-സെപ്റ്റമ്പർ | 31% |
| ഒക്ടോബർ-ഡിസംബർ | 42% |
| ജനവരി-മാർച്ച് | 68% |

മാർച്ച് മാസമാണ് 36% ചെലവ് വന്നിട്ടുള്ളത്.പ്രൊജക്ട് നിർവ്വഹണം സമയബന്ധിതമായും കാര്യക്ഷമമായും നിർവ്വഹണം നടത്താൻ സാധിച്ചില്ല.പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെലവ് ശതമാനം കൃത്യമായി മോണിറ്റർ ചെയ്യുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. ഒന്നാം പാദ വർഷം 25% എങ്കിലും പ്രൊജക്ട് നിർവ്വഹണം നടത്തണം എന്ന നിർദ്ദേശം മാത്രമാണ് കമ്മറ്റി 28.07.2017 ലെ തീരുമാനം നം 1 പ്രകാരം നൽകിയിട്ടുള്ളത്.
2017-18 വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിച്ചതും എന്നാൽ നിർവ്വഹണ സാധ്യത ഇല്ലാത്തതുമായ താഴെ പറയുന്ന പ്രൊജക്ടുകൾ ഉപേക്ഷിച്ചു.

| ക്രമ നം | പ്രൊജക്ട് നം | പ്രൊജക്ട് പേര് | ഫണ്ടിനം/ അടങ്കൽ | കാരണം |
|---|---|---|---|---|
| 1 | 146 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ഉപകരണ വിതരണം | 106850 | നിർവ്വഹണ ഉദ്യോഗസ്ഥനെ മാറ്റുന്നതിന് |
| 2 | 181 | ഇലക്ട്രോണിക് വീൽ ചെയർ വാങ്ങുന്നതിന് ബ്ലോക്ക് പഞ്ചായത്തിൽ വിഹിതം നൽകൽ | 20000 | ബ്ലോക്ക് പഞ്ചായത്തിന് പ്രൊജക്ട് ഇല്ലാത്തതിനാൽ |

7. പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല
ക്ഷേമകാര്യ കമ്മറ്റി ,വർക്കിംഗ് ഗ്രൂപ്പ് : പട്ടിക ജാതി പട്ടിക വർഗ്ഗ വികസനം
പട്ടിക വർഗ്ഗ ഉപപദ്ധതി പ്രകാരം ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലായില്ല. ആകെ നാലു പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം പേര് | അടങ്കൽ തുക |
|---|---|---|
| 1 | S0109/18വ്യക്തിഗത വാട്ടർ കണക്ഷൻ | 7500 |
| 2 | S0094/18വാട്ടർ ടാങ്ക് | 3000 |
| 3 | S0114/18 വൃദ്ധർക്ക് കട്ടിൽ | 6000 |
| 4 | S0093/18എസ്.എസ്.എ വിഹിതം നൽകൽ | 4500 |

പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വർക്കിംഗ് ഗ്രൂപ്പിന്റെ 21.4.2017 ൽ നിർദ്ദേശിച്ചതും, സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഈ നാലു പ്രോജക്ടുകൾ നടപ്പിലാക്കിയില്ല. പ്രൊജക്ട് നടപ്പാക്കാത്തതിന്റെ കാരണമായി വിശദീകരിച്ചത് താഴെ പറയുന്ന കാര്യങ്ങളാണ്.
1.പഞ്ചായത്തിൽ ഊരുകൂട്ടം രൂപികരിച്ചിട്ടില്ല.
2.കിർത്താർഡ്സ് അംഗീകരിച്ച ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല. 3.രണ്ടു കുടുംബങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. ഗുണഭോക്തൃ ലിസ്റ്റില്ല. വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാറ്റസ് റിപ്പോർട്ട്, അന്തിമ പദ്ധതി എന്നിവയിൽ ഉൾപ്പെട്ടിട്ടും പ്രൊജക്ട് നടപ്പാക്കാൻ കഴിഞ്ഞില്ല.

.

8 ബജറ്റ്

പഞ്ചായത്തിലെ ബജറ്റ് തയ്യാറാക്കുന്നതിൽ നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല. നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കേണ്ടതാണ്. എന്നാൽ നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ ഇപ്രകാരം യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടില്ല. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുണ്ട്. നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് നൽകിയിട്ടില്ല. അയതിനാൽ നോൺപ്ലാൻ എസ്റ്റിമേറ്റുകളും അംഗീകരിച്ച വാർഷിക പദ്ധതികളും സംയോജിപ്പിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിലയിരുത്തുവാൻ സാധിക്കില്ല. ധനകാര്യ കമ്മറ്റി ബജറ്റ് തയ്യാറാക്കുമ്പോൾ ഇക്കാര്യങ്ങൾ സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയതെന്ന് ഉറപ്പുവരുത്തേണ്ടതായിരുന്നു.

വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

<table>
<tr><th>ക്രമ നം</th><th>വ്വർക്കിംഗ് ഗ്രൂപ്പ്</th><th>തീരുമാനം</th><th>തീയതി</th><th>റിമാർക്സ്</th></tr>
<tr><td>1</td><td>മൃഗ സംരക്ഷണം ക്ഷീര വികസനവും</td><td>15.5.2017</td><td>തീരുമാനം 3</td><td>മൃഗാശുപത്രിയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ ISO സർട്ടിഫിക്കേഷൻ എന്ന പ്രൊജക്ട് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന് സ്വീകരിച്ച നടപടികൾ ആവശ്യപ്പെട്ടുവെങ്കിലും വിവരം നൽകിയില്ല</td></tr>
<tr><td>2</td><td>വിദ്യാഭ്യാസം കല, സാംസ്കാരികം</td><td>24.4.2017</td><td>1</td><td>L.P. സ്കൂൾ ടൈൽ വിരിക്കൽ</td></tr>
<tr><td>3</td><td rowspan="4">വനിത വികസനം</td><td rowspan="4">ഓഡിറ്റ് സർട്ടിഫിക്കറ്റ്ഓഡിറ്റ് സർട്ടിഫിക്കറ്റ്22.4.2017ഓഡിറ്റ് സർട്ടിഫിക്കറ്റ്</td><td>2</td><td>വനിതകൾക്ക് വേണ്ടി പേപ്പർ ബാഗ് നിർമ്മാണം.</td></tr>
<tr><td></td><td>4</td><td>പഞ്ചായത്തിലെ പ്രമുഖ ജംഗ്ഷനുകളിൽ സ്ത്രീ സൗഹൃദ ടോയ് ലറ്റ് സ്ഥാപിക്കുക.</td></tr>
<tr><td></td><td>5</td><td>5-10 ക്ലാസുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് സ്വയം രക്ഷാ പരിശീലനം നൽകുക</td></tr>
<tr><td></td><td>6</td><td>സ്ത്രീകൾക്ക് സൗജന്യ കമ്പ്യൂട്ടർ പരിശീലനം, ഡ്രൈവിംഗ് പരിശീലനവും, യോഗാ ക്ലാസ്, എന്നിവ സംഘടിപ്പിക്കുക.</td></tr>
</table>

| | | | | |
|---|---|---|---|---|
| 4 | ചെറുകിട വ്യവസായം | 6.5.2017 | 1 | ഊരമന ശിവലയിൽ ഭാഗത്ത് വനിത പരിശീലനത്തിനു വേണ്ടി ഒരു കെട്ടിടത്തിൽ വനിതകൾക്ക് വേണ്ടി ഒരു പേപ്പർ ഭാഗ് നിർമ്മാണ യൂണിറ്റ് തുടങ്ങണം. |
| 5 | സാമൂഹ്യനീതി | 24.4.2017 | 2 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിനു സ്വന്തമായി കെട്ടിടം |

9. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല

| | വർക്കിംഗ് ഗ്രൂപ്പ് | കുറിപ്പുകൾ |
|---|---|---|
| 1 | മൃഗ സംരക്ഷണം ക്ഷീര വികസനവും | 9.4.2018 ലെ മീറ്റിംഗിൽ 3 പേർ ഹാജരായി ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതര രേഖപ്പെടുത്തലുകൾ ഇല്ല , പേജ് നം 16 |
| | | പേജ് നം 18ൽ 3 പേർ ഹാജരായി ഒപ്പ് രേഖപ്പെടുത്തിയെങ്കിലും മറ്റ് യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല. |
| 2 | അക്കൗണ്ട്സ്, ഡോക്കുമെന്റ്, പൊതു സേവനം | 9.4.2018 ലെ മീറ്റിംഗിൽ 3 പേർ ഹാജരായി ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതര രേഖപ്പെടുത്തലുകൾ ഇല്ല , പേജ് നം 19 |
| | | പേജ് നം 21ൽ 3 പേർ ഹാജരായി ഒപ്പ് രേഖപ്പെടുത്തിയെങ്കിലും മറ്റ് യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല. |
| 3 | വിദ്യാഭ്യാസം കല, സാംസ്കാരികം | പേജ് നം 21ൽ 3 പേർ ഹാജരായി ഒപ്പ് രേഖപ്പെടുത്തിയെങ്കിലും മറ്റ് യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ആരോഗ്യം | 20.2.2017 |
| 5 | പട്ടികജാതി പട്ടിക വർഗ്ഗ വികസനം | പേജ് നം 27ൽ 6 പേർ ഹാജരായി ഒപ്പ് രേഖപ്പെടുത്തിയെങ്കിലും മറ്റ് യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല. |

.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.6.2018 | 5/2018 | 11.6.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.11.2016 | 2010- 11 മുതൽ 2014-15 വരെ | 22.2.2017 |

## **1-12** വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷികകണക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ ചേർക്കുന്നു.
1) വസ്തുനികുതി അഡ്വാൻസ് തുകയായി ബി-9 ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന തുക 55562/-രൂപ എന്നാണ്. എന്നാൽ ആർപി-36-ൽ ഇതേയിനത്തിൽ ചേർത്തിരിക്കുന്നത് 30568/- രൂപയുമാണ് .

2) വസ്തുനികുതി (താമസ/താമസേതരാവശ്യം) ആകെ തുകയായി ബി-15 ഷെഡ്യൂളിൽ ചേർക്കേണ്ടത് 57712/- രൂപ + ലൈബ്രറി സെസ്സ് (5%)- ആണെന്ന് വാർഷിക കണക്കുകളുടെ പരിശോധനാ സമയത്ത് ശ്രദ്ധയിൽപെടുത്തിയിരുന്നുവെങ്കിലും ടി തുക മുൻവർഷങ്ങളിൽ കളക്റ്റ് ചെയ്തിട്ടുള്ളതാണെന്ന് മറുപടി നൽകിയിരുന്നു. എന്നാൽ മുൻവർഷത്തെ വാർഷിക കണക്കുകളിൽ ബി-9 ഷെഡ്യൂളിൽ വസ്തുനികുതി (താമസ/താമസേതരാവശ്യം) അഡ്വാൻസ് എന്നയിനത്തിൽ തുകയൊന്നും ചേർത്തിട്ടില്ല. കൂടാതെ ഏതൊക്കെ കെട്ടിടങ്ങളുടെ വസ്തുനികുതിയാണ് അഡ്വാൻസായി ഈടാക്കിയിരിക്കുന്നത് എന്നുള്ള വിവരവും മറുപടിയിൽ രേഖപ്പെടുത്തിയിട്ടില്ല.
3) വാർഷിക കണക്കിനോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) പ്രധാന അക്കൌണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.
(4) ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണമായി അക്കൌണ്ട് ചെയ്ത് വർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

# ഭാഗം-**2**

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **2-1** കേബിൾ വലിക്കൽ - തുടർനടപടി സ്വീകരിച്ചില്ല

ഫയൽ നമ്പർ – C5-545/17
തൊട്ടിപ്പടി- വരണ്ടകം പാടം റോഡിലൂടെ തൊട്ടിപ്പടി ജംഗ്ഷൻ മുതൽ 100 മീറ്റർ ദൂരം ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് 21.1.2017 ന് അപേക്ഷ സമർപ്പിച്ചു. അപേക്ഷ പഞ്ചായത്ത് കമ്മറ്റി 23.05.2017 ലെ 13-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും എസ്റ്റിമേറ്റ് എടുത്ത് പഞ്ചായത്തിൽ അടക്കേണ്ട തുക നിർണ്ണയിക്കുന്നതിന് എൽ എസ് ജി ഡി അസി: എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു. എന്നാൽ എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗം നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽനൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 4) മറുപടിയൊന്നും നൽകിയില്ല. പഞ്ചായത്ത് കമ്മറ്റി തീരുമാനം പാലിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. പഞ്ചായത്തിന് ലഭിക്കുമായിരുന്ന തനത് വരുമാനം

നഷ്ടപ്പെടാനിടയായിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

## 2-2 രസീത് സൂക്ഷിപ്പിലെ അപാകതകൾ

എല്ലാ രസീത് ബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടുള്ള രസീത് ബുക്കുകൾ പൂർണ്ണമായും പരിശോധിക്കാതെയാണ് ആയത് രേഖപ്പെടുത്തുന്നത് .രസീത് ബുക്ക് നം 37692 .-ൽ രസീത് നമ്പർ 49 രണ്ടു പ്രാവശ്യം വന്നിട്ടുണ്ടെങ്കിലും ആയത് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ടിൽ രേഖപ്പെടുത്തിയിട്ടില്ല.കൂടാതെ ക്ലർക്കായ ശ്രീമതി. കമലം -ന് ഇഷ്യൂ ചെയ്തിരിക്കുന്ന രസീത് ബുക്ക് 37698-ലെ രസീത് നം.14 പ്രകാരം 563/- രൂപ പിരിച്ചെടുത്തിട്ടുണ്ടെങ്കിലുംകളക്ഷൻ രജിസ്റ്ററിൽ 263/-എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് .രസീത് പരിശോധനാ സമയത്ത് ചൂണ്ടിക്കാണിക്കുകയും 7.7.2018 -ൽ 118020100758 രസീത് നമ്പർ പ്രകാരം 300/- രൂപ അടക്കുകയും ചെയ്തിട്ടുണ്ട്. മേൽ പരാമർശിച്ച വസ്തുതകൾ സൂചിപ്പിക്കുന്നത് രസീത് കൈകാര്യം ചെയ്യുന്നതിലെ വീഴ്ചയിലേക്കും മേൽനോട്ടപ്പിഴവിലേക്കുമാണ്. ആയതിലേക്ക് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 കെട്ടിട നിർമ്മാണ പെർമിറ്റ് - അപാകതകൾ

കെട്ടിട നിർമ്മാണ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.പ്ലിന്ത് ഏരിയ കണക്കാക്കിയതിലെ അപാകത- 102രൂപ നഷ്ടം

പഞ്ചായത്തിൽ പെർമിറ്റ് ഫീസ് നിർണ്ണയിക്കുന്നതിന് പ്ലിന്ത് വിസ്തീർണ്ണം കണക്കാക്കുമ്പോൾ കാർ പോർച്ചിന്റെ ( കവേർഡ്) വിസ്തീർണ്ണം ഒഴിവാക്കുന്നതിനാൽ വരുമാന നഷ്ടം സംഭവിക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | പെർമിറ്റ് നമ്പർ/ വിസ്തീർണ്ണം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | ജോഷി വർഗ്ഗീസ്, നെടുമറ്റത്തിൽ | C3-1403/2017 /29.4.2017,, 260 എം സ്ക്വയർ (കാർ പോർച്ച്- c17.62 എം സ്ക്വയർ) | 729 രൂപ 117020100244/ 29.4.17 | 780 രൂപ | 51 രൂപ |
| 2 | ടിന്റു പി ആന്റണി, പുളിക്കൽ | C3-3046/2017 /6.10.2017, 210.86 എം സ്ക്വയർ (കാർ പോർച്ച്- c16.73 എം സ്ക്വയർ) | 582 രൂപ | 633 രൂപ | 51 രൂപ |

നഷ്ട തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

2. റഗുലൈറൈസേഷൻ ഫീസ് ഈടാക്കുന്നതിൽ കുറവ്

അനധികൃത നിർമ്മാണങ്ങളുടെ റഗുലറൈസേഷൻ ഫീസ് താഴെ പറയും പ്രകാരമാണ്.

| കെട്ടിട ഇനം | ഫീസ് |
|---|---|
| പുതിയ കെട്ടിടങ്ങൾ | 2 മടങ്ങ് കോംപൗണ്ടിംഗ് ഫീസ് |
| മുൻപ് പെർമിറ്റ് നൽകിയ കെട്ടിടങ്ങളുടെ അധിക നിർമ്മാണം | പെർമിറ്റ് ഫീസ് +2 മടങ്ങ് കോംപൗണ്ടിംഗ് ഫീസ് |

റഗുലറൈസേൻ ഫീസ് ഇനത്തിലെ കുറവ് വന്നതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു

| ക്രമ നം | അപേക്ഷകൻ/ പെർമിറ്റ് നമ്പർ | ഈടാക്കിയ റഗുലൈറൈസേഷൻ ഫീസ് | ഈടാക്കേണ്ട ഫീസ് | കുറവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | ചെറിയാൻ ജോർജ്, മണപ്പാട്ടേൽ, C3-3289/14 /21.10.2014 | 53.29X6=320 117020101072/7 /9/2017 | 53.29*9= 480 | 160 | മുൻപ് പെർമിറ്റ് എടുത്ത കെട്ടിടമായ തിനാൽ ഈടാക്കേണ്ട ഫീസ് കോപൗണ്ടിംഗ് ഫീസ് + പെർമിറ്റ് ഫീസ് |

നഷ്ട തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

3.വികസന പെർമിറ്റ് അനുമതി പത്രം ലഭ്യമല്ല.

കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് എടുത്തു മാറ്റുമ്പോൾ മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി പത്രം ആവശ്യമാണ്. പഞ്ചായത്തിൽ നിന്ന് വികസന പെർമിറ്റ് നൽകുമ്പോൾ മൈനിംഗ്&ജിയോളജി വകുപ്പിന്റെ അനുമതി പത്രം നേടണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും അനുമതി പത്രത്തിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മൈനിംഗ് & ജിയോളജി വകുപ്പ് നൽകുന്ന അനുമതി പത്രത്തിൽ കെട്ടിട നിർമ്മാണം അനുമതി നൽകുന്നവയിൽ ഒരു വർഷത്തിനകം കെട്ടിടത്തിന്റെ തറ നിർമ്മാണമെങ്കിലും ആരംഭിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ഇക്കാര്യം വ്യക്തമല്ല.വികസന പെർമിറ്റ് നൽകിയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷ നം | ഉടമ | സ്ഥല വിസ്തീർണ്ണം (വികസിപ്പിക്കുന്നത്) | ഖനനം ചെയ്യേണ്ട മണ്ണിന്റെ അളവ്(എം ക്യൂബ്) |
|---|---|---|---|---|
| 1 | C3-1801/17 /09/11/2017 | കൃഷ്ണൻകുട്ടി മാരാർ, ഊരമന | 13.86 ആർ, സർവ്വെ നം 826/48, മേമുറി വില്ലേജ്, മൂവാറ്റുപുഴ താലൂക്ക്. | 595 |
| 2 | C3-3345/17 /09/11/2017 | വിജയൻ & പുഷ്പലത, ഊരമന | 6.88 ആർ, സർവ്വെ നം 826/5B, മേമുറി വില്ലേജ്, മൂവാറ്റുപുഴ താലൂക്ക്. | 922 |
| 3 | C3-1381/17 /19/11/2017 | കോര, ഊരമന | 42.0 ആർ, സർവ്വെ നം 543/9, മേമുറി വില്ലേജ്, മൂവാറ്റുപുഴ താലൂക്ക്. | 1193 |

| | | | | |
|---|---|---|---|---|
| 4 | C3-3976/17 /5/2/2018 | പൗലോസ് ഫിലിപ്പ് ഊരമന | 13.76 ആർ, സർവ്വെ നം 1025/4B, മേമുറി വില്ലേജ്, മൂവാറ്റുപുഴ താലൂക്ക്. | 1445 |

നൽകിയ വികസന പെർമിറ്റുകളിൽ മണ്ണ് ഖനനം നടത്തുന്നതിന് മുൻപ് മൈനിംഗ് ജിയോളജി വകുപ്പിന്റെ അനുമതി പത്രം ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ടെങ്കിലും ആയത് വാങ്ങി ഫയലിൽ ലഭ്യമല്ല. രേഖകൾ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 2-4 വാടക -രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് 10 കടമുറികൾ വാടകക്ക് നൽകിയിട്ടുണ്ട്. എന്നാൽ വാടകക്കാരുമായി കരാർ ചമക്കുന്നില്ല.ആയതിനാൽ വാടക ഈടാക്കേണ്ട തീയതി,പിഴപ്പലിശയുടെ നിരക്ക് എന്നിവ വ്യക്തമല്ല. കരാർ ചമക്കാതെ വാടകക്കാരെ തുടരാൻ അനുവദിക്കുമ്പോൾ വാടക കുടിശ്ശിക വരുത്തുന്നവരിൽ നിന്നും നിയമപരമായി ഈടാക്കുവാൻ സാധിക്കുകയില്ല.ആയതു മൂലം പഞ്ചായത്തിന് ഈയിനത്തിലെ വരവിൽ നഷ്ടമുണ്ടാകുന്നതുമാണ്. ആയതിനാൽ വാടകക്കാരുമായി കരാർ ചമയ്ക്കേണ്ടതും ആയത് രജിസ്റ്റർ ചെയ്യേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വെള്ളക്കരം അധികം അടവാക്കുന്നു.

ഫയൽ നമ്പർ C2-1750/17, C1-85/18

പഞ്ചായത്തിലെ കുടിവെള്ള ടാപ്പുകൾ സംബന്ധിച്ച് പഞ്ചായത്തും വാട്ടർ അതോറിറ്റിയും 21/10/2016 മുതൽ 25/01/2017 വരെ സംയുക്ത പരിശോധന നടത്തുകയും റിപ്പോർട്ട് 25.01.2017 ൽ പുറപ്പെടുവിക്കുകയും ചെയ്തു. പരിശോധനയിൽ 359 ടാപ്പുകൾ ഉള്ളതായും (338 എണ്ണം പ്രവർത്തന സജ്ജം) 43 ടാപ്പുകൾ ഒഴിവാക്കാവുന്നതാണെന്നും കണ്ടെത്തി.ആയത് പഞ്ചായത്ത് കമ്മറ്റി 5.5.2017 XLVIII നം തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടാപ്പുകൾ ഒഴിവാക്കണമെന്ന് 5.5.2017 ലെ C2-1750/17 നം കത്ത് മുഖേന എക്സി:എഞ്ചിനീയർ വാട്ടർ അതോറിറ്റി മൂവാറ്റുപുഴയോട് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ തീരുമാനം ആകാത്തതിനാൽ 27.11.2017 ലെ 19ാം നമ്പർ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 6.12.2017 ലെ C2-1750/17 നം കത്ത് മുഖേന വീണ്ടും ആവശ്യപ്പെട്ടെങ്കിലും ഒഴിവാക്കുന്നതിന് വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചിട്ടില്ല.വാട്ടർ അതോറിറ്റിയുടെ 9.2.2018 ലെ 23490 നമ്പർ ബിൽ പ്രകാരം പ്രതിമാസ നിരക്ക് (359 ടാപ്പ്) 150063 രൂപയാണ്. കുടിശ്ശിക ഉൾപ്പെടെ 2198527 രൂപ. ഇതിൽ 766000 രൂപ പ്രൊജക്ട് നമ്പർ 112/18 പ്രകാരം അടവാക്കിയിട്ടുണ്ട്. യഥാർത്ഥത്തിൽ 316 ടാപ്പുകളുടെ (359-43) വാട്ടർ ചാർജിനത്തിൽ 138250 രൂപ മാത്രമാണ് അടവാക്കേണ്ടത്.11813 രൂപയാണ് പഞ്ചായത്ത് പ്രതിമാസം വാട്ടർ ചാർജിനത്തിൽ അധികം അടവാക്കുന്നത്. പഞ്ചായത്ത് ഭരണസമിതി ഇക്കാര്യം പരിശോധിച്ച് ധന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 കന്നുകുട്ടി പരിപാലനം-തുക തിരികെ ഈടാക്കണം

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ | എസ് 0098/18 |
| അടങ്കൽ | 325000 (വികസനഫണ്ട്), 650000 (ഗുണഭോക്തൃവിഹിതം) 325000 (സംസ്ഥാനാവിഷ്കൃതഫണ്ട്) |
| ചെലവ് വിവരം | 325000 (ബിൽ നം.1/17-18 /27.11.2017) |

2017-18 വർഷം നടപ്പിലാക്കിയ ഈ പ്രോജക്ടിന് 52 ഗുണഭോക്താക്കളുണ്ട്. ആയതിന്റെ നടത്തിപ്പിലേക്കായി 325000/രൂപ (ഒരു ഗുണഭോക്താവിന് 6250/- രൂപ നിരക്കിൽ ) ഐ.സി.ഡി.പി. പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. പ്രോജക്ട് 26.12.2017-ൽ ആരംഭിച്ചിട്ടുണ്ട്. എന്നാൽ വിജയമ്മ കുട്ടൻ എന്ന ഗുണഭോക്താവ് സബ്സിഡി ആനുകൂല്യം കൈപ്പറ്റിയിട്ടില്ല . കന്നുകുട്ടിയെ വിറ്റതായി നാൾവഴി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി ഗുണഭോക്താവിന് വേണ്ടി ചെലവഴിച്ച 6250/- രൂപ പ്രോജക്ട് ഓഫീസറിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-3 സാക്ഷരതാ തുല്യത പഠനം- രേഖകൾ ലഭ്യമല്ല

പത്താം തരം, പ്ലസ് വൺ തുല്യതാ പരീക്ഷയ്ക്ക് പരിശീലനം നല്കി വിദ്യാഭ്യാസം ഇല്ലാത്തവരെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി പഞ്ചായത്ത് ആവിഷ്കരിച്ച പ്രോജക്ടാണ് സാക്ഷരതാ തുല്യത പഠനം. പ്രോജക്ടിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. / പ്രോജക്ട് | S0090/18 സാക്ഷരതാ തുല്യത പഠനം |
| അടങ്കൽ | 16600/- |
| ചെലവ് | 10000/- |
| ബിൽ നം. | 1. 51/17-18/21.3.18<br>2. 52/17-18/21.3.18 |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ, ഗവ.എൽ.പിഎസ്, രാമമംഗലം. |

രേഖകൾ പ്രകാരം കേരളാ സ്റ്റേറ്റ് ലിറ്ററി മിഷന് ബാങ്ക് ട്രാൻസ്ഫർ മുഖേന (അക്കൗണ്ട് നം. 57026996123) 7000/- രൂപയും ജില്ലാ ലിറ്ററി മിഷന് ബാങ്ക് ട്രാൻസ്ഫർ മുഖേന (അക്കൗണ്ട് നം. 02880100113107) 3000/- രൂപയും നൽകിയിട്ടുണ്ട്. പഠിതാക്കൾ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയെങ്കിലും, പരിശീലനം നൽകിയതിന്റെയോ, അവർ പരീക്ഷ എഴുതിയതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. വിശദ വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 11.07.2018 ൽ ഓഡിറ്റ് എൻക്വയറി (നം 3) നൽകിയെങ്കിലും മുഴുവൻ രേഖകളും ലഭ്യമാക്കിയില്ല. പ്രൊജക്ട് നിർവ്വഹണത്തിന്റെ രേഖകൾ ലഭ്യമാക്കി നിർവ്വഹണ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

## 3-4 പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2017-18-ൽ നടപ്പിലാക്കിയ ചില പ്രോജക്ടുകളിലെ അപാകതകൾ താഴെ ചേർക്കുന്നു.

1വ്യക്തിഗത കുടിവെള്ള കണക്ഷൻ (എസ്.സി.പി.) (എസ്.0013/18)

പ്രോജക്റ്റ് പ്രകാരം 5 ഗുണഭോക്താക്കൾക്ക് 6000/- രൂപ വീതം സബ്സിഡി ആനുകൂല്യം നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒരു ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക ലഭ്യമായതിന്റെ രേഖകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.(ബിൽ നം.2/17-18/14.8.17-30000)

2.പി.വി.സി വാട്ടർ ടാങ്ക് (എസ്.സി.പി.)(എസ്.0087/18)

പ്രോജക്റ്റ് വിഭാവനം ചെയ്തിരുന്നത് 26 പട്ടികജാതി കുടുംബങ്ങൾക്ക് പി.വി.സി.വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിനാണ്.(വികസന ഫണ്ട് (എസ്.സി.പി)-78000, ഗുണഭോക്തൃവിഹിതം-26000). ഒരു യൂണിറ്റിന്റെ വില 4000/- രൂപയാണ്. പ്രോജക്ടിന്റെ നടത്തിപ്പിലേക്കായി 44 വ്യക്തികളിൽ നിന്നും ഗുണഭോക്തൃവിഹിതം വാങ്ങിയിട്ടുണ്ട്.

വാട്ടർ ടാങ്ക് വാങ്ങിയിരിക്കുന്നത് 1465/- രൂപ നിരക്കിൽ പാങ്കോട്, സ്റ്റോൾസ് ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നാണ്. ഫയലിൽ 45415/- രൂപയുടെ ബില്ലുകൾ മാത്രമാണ്സൂക്ഷിച്ചിരിക്കുന്നത്. എന്നാൽ ട്രഷറി ബില്ലുകൾ പ്രകാരം വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നത് 47257/- രൂപയാണ്. (ബിൽ നം.9/17-18/20.1.18- 13188/-,17/17-18/16. 3.18-31871/-, 19/17-18/ 27.3.18-2198/-). ഓരോ ഗുണഭോക്താക്കളിൽ നിന്നും 366/- രൂപ വീതം വാങ്ങിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവ് വിവരങ്ങൾ ഫയലിൽ ഇല്ല.പി.വി.സി ടാങ്കിന്റെ വിതരണം രേഖപ്പെടുത്തിയിരിക്കുന്ന രജിസ്റ്ററിൽ 44 ഗുണഭോക്താക്കളുടെ പേര് ചേർത്തിട്ടുണ്ടെങ്കിലും 43 പേർക്കാണ് ടാങ്ക് വിതരണം ചെയ്തിട്ടുള്ളത്. കൂടാതെ ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിന്റെ വിവരങ്ങളും ഇല്ല.
മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.കൂടാതെ പ്രോജക്ടുകൾ കൃത്യമായി മോണിട്ടർ ചെയ്തിട്ടില്ല.ആയതിലേക്ക് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മേൽ സൂചിപ്പിച്ച കാരണങ്ങളാൽ 71257/-(24000+47257) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 അപേക്ഷ നിരാസം / സ്വീകരണം വ്യത്യസ്തമാനദണ്ഡം.

ഗ്രാമ പഞ്ചായത്തിൽ സാമൂഹ്യക്ഷേമ പെൻഷനുകളുടെ അപേക്ഷകരുടെ അർഹത നിർണ്ണയിക്കുന്നതിൽ ഏകരൂപമില്ല. അർഹത നിർണ്ണയത്തിൽ 06.11.2017 ലെ സ ഉ(എം എസ്) നം 483/2017/ധനം/8.11.2017 ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെങ്കിലും ചില അപേക്ഷകളിൻമേൽ ഉത്തരവ് പാലിച്ചിട്ടില്ല.ഉത്തരവിലെ പ്രധാന വ്യവസ്ഥകൾ താഴെ പറയുന്നു.

1.വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്.

2.അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത്.

3.വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും മറ്റ് ഭൗതിക സാഹചര്യങ്ങളും പരിശോധിച്ച് അപേക്ഷകൻ യഥാർത്ഥത്തിൽ പെൻഷന് അർഹനാണെന്ന് സെക്രട്ടറിക്ക് ബോധ്യമായാൽ മാത്രമാണ് പെൻഷൻ അനുവദിക്കാൻ പാടുള്ളൂ.

പെൻഷൻ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

അർഹത മാനദണ്ഡം പാലിച്ചിട്ടില്ല.

വാർഷിക വരുമാനം കൂടുതലായതിനാലോ, രണ്ടേക്കറിൽ കൂടുതൽ വസ്തു ഉള്ളതിനാലോ പരിഗണിക്കേണ്ടതില്ലയെന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ള അപേക്ഷകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശുപാർശ ചെയ്യുകയും പെൻഷന് പരിഗണിക്കുകയും ചെയ്തു.

| ക്രമ നം | തീരുമാനം | പെൻഷൻ ഇനം | ശുപാർശ ചെയ്ത അപേക്ഷകൾ |
|---|---|---|---|
| 1 | 17.05.2017/1 | വാർദ്ധക്യകാല പെൻഷൻ | 33 |
| 2 | 18.08.2017/1(1) | വാർദ്ധക്യകാല പെൻഷൻ | 7 |
| 3 | 17.10.2017/1(1) | വാർദ്ധക്യകാല പെൻഷൻ | 1 |

വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് പ്രകാരം വരുമാനം 1 ലക്ഷം രൂപയിൽ താഴെയായതിനാൽ 1/8/2017 ലെ സർക്കാർ ഉത്തരവ് (സാധാ)6060ന്റെ അടിസ്ഥാനത്തിലും, കമ്മറ്റിയുടെ ബോധ്യത്തിന്റെ അടിസ്ഥാനത്തിലുമാണ് അപേക്ഷകൾ പരിഗണിച്ചിട്ടുള്ളത്. എന്നാൽ ചില അപേക്ഷകൾ വരുമാനം 1 ലക്ഷം രൂപയിൽ താഴെയായിട്ടും നിരസിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | തീരുമാനം | പെൻഷൻ ഇനം | നിരസിച്ച അപേക്ഷകൾ |
|---|---|---|---|
| 1 | 7.03.2018/3 | വാർദ്ധക്യ കാല പെൻഷൻ | 3 |

ക്ഷേമ പെൻഷനുകളുടെ അർഹത നിർണ്ണയിക്കുന്നതിൽ ഇപ്രകാരം വ്യത്യസ്ത മാനദണ്ഡം സ്വീകരിക്കുന്നത് അർഹതയുള്ളവർക്ക് പെൻഷൻ ലഭിക്കാതെ പോകുന്നതിനും അനർഹർക്ക് ലഭിക്കുന്നതിനും കാരണമാകും.

അപേക്ഷ നിരസിച്ചു- കാരണം വ്യക്തമല്ല

അമ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ലഭിക്കുന്നതിന് മിനി ജയകുമാർ ഉള്ളോപ്പിള്ളിൽ വീട്, രാമമംഗലം 21.11.2017 ൽ (C6-4022/17/22.11.2017) അപേക്ഷ നൽകി. ടിയാളുടെ ഭർത്താവ് 25 വർഷമായി ടിയാളെ ഉപേക്ഷിച്ച് പോയി വേറെ വിവാഹം കഴിച്ച് ജീവിക്കുന്നതായി വാർഡ് മെമ്പർ 14.11.2017 ലെ കത്ത് പ്രകാരം വില്ലേജ് ഓഫീസറെ അറിയിക്കുകയും സാക്ഷ്യപത്രം നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. വില്ലേജ് ഓഫീസർ 22.11.2017 ന് സാക്ഷ്യപത്രം നൽകി. ടിയാരി പെൻഷന് അർഹയാണെന്ന് ഐ സി ഡി എസ് സൂപ്പർവൈസറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 20.01.2018 ലെ IV നമ്പർ തീരുമാനം അപേക്ഷ നിരസിച്ചു. ഐ സി ഡി എസ് സൂപ്പർവൈസർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ച അപേക്ഷ നിരസിക്കുന്നു എന്ന്

മാത്രമാണ് മിനറ്റ്സിൽ രേഖപ്പെടിത്തിയിട്ടുള്ളത്. ക്ഷേമ പെൻഷനുകളുടെ സ്വീകരണം/നിരാകരണം എന്നിവയിൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 3-6 സെന്റേജ് ചാർജ്-അധികം തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി കോളനികളിൽ പൈപ്പ് ലൈൻ നീട്ടൽ (എസ് 0091/18) പ്രോജക്ടിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്.സെക്ഷൻ, മൂവാറ്റുപുഴയ്ക്ക് ബിൽ നം.14/17-18/21.2.2018 പ്രകാരം 291900/- രൂപ നൽകിയിട്ടുണ്ട്. മേൽതുക നൽകിയിരിക്കുന്നത് പ്രസ്തുത ഓഫീസിലെ 15.2.2018- ലെ കത്ത് നം.എ 3- 22/09 vol II- പ്രകാരമാണ്. എസ്റ്റിമേറ്റിന്റെ സംഗ്രഹം താഴെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംങ് ചാർജ് | 190393.89 |
| മെറ്റിരീയൽ വില | 64665.00 |
| മറ്റ് ചെലവുകൾ | 4400.00 |
| ആകെ | 259458.89 |
| സെന്റേജ് ചാർജ് | 32432.36 |
| അൺഫോർസീൻ | 8.75 |

പി.ഡബ്ലിയു.ഡി. മാന്വൽ കേരള വാട്ടർ അതോറിറ്റിക്കും ബാധകമാണ്. എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജും , എസ്റ്റിമേറ്റ്, പ്ലാൻ എന്നിവയും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജായി ഈടാക്കാമെങ്കിലും പി.ഡബ്ലി യു മാന്വൽ 1601.4 പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുവാൻ പാട്ടുള്ളതല്ല. ആയതിനാൽ 10% സെന്റേജ് ചാർജായി മേൽ സൂചിപ്പിച്ച പ്രോജക്ടിന് 25946/- രൂപ നല്കാവുന്നതാണ്. മേൽ പ്രോജക്ടിന് 12.5% സെന്റേജ് ചാർജിനത്തിൽ 32432/- രൂപ നല്കിയിട്ടുണ്ട്. തന്മൂലം പഞ്ചായത്തിന് 6486/- രൂപയുടെ അധിക ചെലവ് വരാനിടയായിട്ടുണ്ട്. കൂടാതെ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ എസ്റ്റിമേറ്റില് നിർദ്ദേശിച്ചിരിക്കുന്ന നിരക്കിൽ തന്നെയാണ് തുക നല്കിയിരിക്കുന്നതെന്ന് സൂചിപ്പിച്ചിട്ടുണ്ട്. മറുപടി തൃപ്തികരമല്ല. ആയതിനാൽ ഈയിനത്തിൽ അധികമായി ചെലവഴിച്ച 6486/- രൂപ കേരള വാട്ടർ അതോറിട്ടിയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 1147500 | നെൽകൃഷി സംരക്ഷണം | 1147500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 81250 | ഭിന്ന ശേഷിക്കാർക്ക് പഠന സഹായം | 81250 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ഭിന്ന ശേഷിക്കാർക്ക് പഠന സഹായം | 175000 | 25000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 250000 | ശാരീരികവും മാനസിക വുമായി വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണം | 0 | 250000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | ബഡ്സ് സ്കൂൾ ഉപകരണം വാങ്ങൽ | 0 | 150000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 160000 | പാൽ ഇൻസെന്റീവ് | 160000 | 0 |

## 4-2 . ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തിയതി | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 14/17-18/ 21.2.18 | 100000 | 0 | 100000 |
| കേരള വാട്ടർ അതോറിറ്റി | വാർഡ് 12 ലെ അങ്കണവാടിക്ക് വാട്ടർ കണക്ഷൻ | 32/17-18/ 17.3.18 | 24000 | 0 | 24000 |
| കേരള വാട്ടർ അതോറിറ്റി | പട്ടികജാതി കോളനികളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 31/17-18, 17.3.18 | 291900 | 0 | 291900 |

പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 2975/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ /സ്ഥാപനത്തിന്റെ പേര് | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2015-16 | 3.2 | 318 | പ്രസാദ്കെ.ആർ, അസിസ്റ്റന്റ് സെക്രട്ടറി | 118020100036/ 5.4.18 |
| | | 250 | ഷാജി, ഹെഡ് ക്ലാർക്ക് | 118020100037/ 5.4.18 |
| | | 238 | ഷീജ, അക്കൗണ്ടന്റ് | 118020100038/ 5.4.18 |
| | | 300 | ജയശ്രീ കെ.കെ., സീനിയർ ക്ലാർക്ക് | 118020100039/ 5.4.18 |
| | | 189 | ഓസ്വാൾഡ്, സീനിയർ ക്ലാർക്ക് | 118020100040/ 5.4.18 |
| | | 76 | രതീഷ് തങ്കപ്പൻ, സീനിയർ ക്ലാർക്ക് | 118020100041/ 5.4.18 |
| | | 27 | ഓമന, പി.ടി.എസ്. | 118020100042/ 5.4.18 |
| 1997-8 | 28 | 18 | ടി.വി.മോഹനൻ, സെക്രട്ടറി | 117020103544/ 14.3.18 |
| 2006-07 | 2(1) | 66 | എൻ.രവി, സെക്രട്ടറി | 117020103638/ 19.3.18 |

| | | | | |
|---|---|---|---|---|
| 1997-98 | 27 | 49 | ടി.വി.മോഹനൻ, സെക്രട്ടറി | 117020103543/ 14.3.18 |
| 2015-16 | 3.2 | 112 | അനിമോൾ കെ., സെക്രട്ടറി | 118020100020/ 5.4.18 |
| 2015-16 | 3.1 | 1332 | അനിമോൾ കെ., സെക്രട്ടറി | 1180201200019/ 5.4.18 |
| | ആകെ | 2975 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2002-03 | 2006-07, 3.3 | പൊതുമേഖലാസ്ഥാപനങ്ങളെ ഒഴിവാക്കി സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ടാർ വാങ്ങി | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 12.3.13 ലെ എൽ.എഫ്. 3833/ പി.ടി.2/2013 നമ്പർ കത്തു പ്രകാരം ഖണ്ഡിക ഒഴിവാക്കാൻ ശുപാർശ ചെയ്തിട്ടുണ്ട് |

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46058848 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 46529120 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6486 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 71257 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖ ണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-6 | - | 6486 | ശ്രീ പ്രസാദ് കെ.ആർ അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 71257 | ശ്രീ പ്രസാദ് കെ.ആർ അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ പ്രസാദ് കെ.ആർ അസിസ്റ്റന്റ് സെക്രട്ടറി | കുറവിലങ്ങാട് ഗ്രാമ പഞ്ചായത്ത്, കോട്ടയം | കൊള്ളിക്കാട്ടിൽ ഹൗസ്, പാമ്പാക്കുട |

.

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി.3 )810/99/ 6.6.98 |
| 1997-98 | എൽ.എഫ്.ഇ.(പി.3) 810/99/ 29.6.2000 |

| | |
|---|---|
| 1998-99 | എൽ.എഫ്.ഇ.(പി.3)1161/00/ 23.3.2001 |
| 2002-03 | എൽ.എഫ്.ഇ.(പി.3)1133/05/ 30.6.2006 |
| 2006-07 | എൽ.എഫ്.ഇ. (പി.1)1736/07/ 8.8.2008 |
| 2007-08 | എൽ.എഫ്.ഇ. (പി.3)1396/08/ 15.4.2009 |
| 2008-09, 2009-10, 2010-11 | എൽ.എഫ്.ഇ. (പി.2)1295/1/ 15.12.2006 |
| 2011-12, 2012-13 | എൽ.എഫ്.ഇ. (പി.9) 697/14/ 26.06.2014 / 25.08.2014 |
| 2013-14 & 2014-15 | എൽ.എഫ്.ഇ.(പി.9)961/2016/ 28.6.2016 |
| 2015-16 | നം. കെ. എസ്. എ.ഇ.കെ.എം. (പി9)2045/2016 |
| 2016-17 | നം. കെ. എസ്. എ.ഇ.കെ.എം. (പി9) 1485/17/ 11.9.2017 |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.(പി9) 1610-2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം. 0484 2422271,
deoekm.ksad@kerala.gov.in

തീയതി:07.09.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

.

KSA-EKM(P5)/1610/2018.

Kerala State Audit Department,
District Audit Office, Ernakulam,
0484 2422271,
deoekm.ksad@kerala.gov.in

Date: 07.09.2018

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Ramamangalam Grama panchayat in Ernakulam district for the year ended on 31.3.2018 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Ramamangalam Grama panchayat for the year 2017-18 except the observations in my audit report properly presents the picture of income and expenditure.

.

Deputy Director